പട്ടികജാതിക്കാർ നടത്തുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് എസ്. ഡി. പി. ഫണ്ടിൽനിന്നും ലോൺ

86 [6059] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർ നടത്തുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് എസ്. ഡി. പി. ഫണ്ടിൽ നിന്നും ലോൺ അനുവദിക്കുന്നുണ്ടോ;

(ബി) എസ്. ഡി. പി. ഫണ്ട് ലോൺ ആയി അനുവദിക്കുന്നത് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ലോൺ അനുവദിക്കുവാൻ വ്യവസ്ഥ ഇല്ലെങ്കിൽ ഇതിനകം നൽകിയിട്ടുള്ള ലോൺ റദ്ദ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

വിവിധ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

87 [6060] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ എത്ര പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) എത്ര കുട്ടികൾക്ക് ഇവയുടെ സൗകര്യം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഹോസ്റ്റലിലെ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഈ പഞ്ചായത്തുകളിൽ നിലവിലില്ല.

(ബി, സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly